**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- ഭൂരഹിതരില്ലാത്ത കേരളം പദ്ധതി - എറണാകുളം ജില്ലാ കളക്ടറുടെ പേരിലുള്ള സ്പെഷ്യൽ TSB 799011400003049 നമ്പർ അക്കൗണ്ടിന്റെ കാലാവധി 31.07.2018 വരെ ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്കീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.3924/2018/ധന.** തിരുവനന്തപുരം, തീയതി **04/05/2018**

പരാമർശം - 1. 30.08.2017 തീയതിയിലെ സ.ഉ.(സാധാ)നം.6841/2017/ധന സർക്കാർ ഉത്തരവ്

2. എറണാകുളം ജില്ലാ കളക്ടറുടെ 26.03.2018 ലെ എൽ.13-77000/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്കായി 31.03.2018 വരെ മാത്രം കാലാവധിയുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് എറണാകുളം ജില്ലാ കളക്ടറുടെ പേരിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി സ്വകാര്യ ഭൂമി വിലയ്ക്ക് വാങ്ങുന്ന നടപടിക്രമങ്ങൾക്ക് കാലതാമസം നേരിട്ടുമെന്നതിനാൽ ടി.എസ്.ബി-799011400003049 നമ്പർ അക്കൗണ്ടിന്റെ കാലാവധി 31.07.2018 വരെ നീട്ടി നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർ പരാമർശം 2 ലെ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച എറണാകുളം ജില്ലാ കളക്ടറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി- 799011400003049 നമ്പർ അക്കൗണ്ടിന്റെ കാലാവധി 31.07.2018 വരെ ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കളക്ടറേറ്റ്, എറണാകുളം
റവന്യൂ (F) വകുപ്പ് (e-file No: REV-F2/112/2017-REV പ്രകാരം)
ധനകാര്യ (Exp-B) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ